കേരള സർക്കാർ
പട്ടികജാതി വികസന വകുപ്പ്
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി
ഗ്രൗണ്ട് ഫ്ളോർ, അംബേദ്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല,
തിരുവനന്തപുരം-695015. ഫോൺ നമ്പർ - 0471 2533272
വെബ്സൈറ്റ് www.icsets.org ഇ-മെയിൽ; icsets@gmail.com

# സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം 2024-25

## പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്ന പദ്ധതിയായ ലക്ഷ്യ സ്കോളർഷിപ്പിലേയ്ക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേനെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നേടുന്നതിനുള്ള അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്കും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പദ്ധതിയിലേയ്ക്കും അപേക്ഷകൾ ക്ഷണിയ്ക്കുന്നു. അംഗീകൃത സർവ്വകലാശാല ബിരുദമാണ് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളിൽ ബിരുദ/ബിരുദാനന്തരമുള്ളവർക്കും മറ്റ് വിഷയങ്ങളിൽ ഉയർന്ന മാർക്കോടെ ബിരുദ/ബിരുദാനന്തരമുള്ളവർക്കും മുൻഗണന നൽകുന്നതാണ്. നിലവിൽ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. ഇവർ കൂടികാഴ്ചയിൽ പങ്കെടുക്കുന്ന സമയത്ത് യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രായപരിധി 01.04.2024 ൽ 20-36 വയസ്സ്.

ആകെ ലഭിക്കുന്ന അപേക്ഷകളിൽ നിശ്ചിത എണ്ണം അപേക്ഷകരെ അവരുടെ നിലവിലുള്ള അക്കാഡമിക്ക് മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് കോളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മുഖേനെ ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് അവസരം നൽകുന്നതാണ്. ടി ക്ലാസ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഐ.സി.എസ്.ഇ.റ്റി.എസ് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തി ആയതിൻ പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉയർന്ന മാർക്കുള്ള 60 പട്ടികജാതി വിഭാഗത്തിലെ കുട്ടികളെ ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്കും ലിസ്റ്റിൽ ബാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ കുട്ടികളിൽ നിന്ന് നിശ്ചിത എണ്ണം കുട്ടികളെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന പരിശീലന പദ്ധതിയിൽ പങ്കെടുക്കുന്നതിനും അവസരം നൽകുന്നതാണ്. ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1500/- രൂപ പോക്കറ്റ് മണി അനുവദിക്കുന്നതാണ്.

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ ആകെ സീറ്റിന്റെ 25% പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾ ആയ (വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി) വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകർക്കായി നീക്കിവയ്ക്കുന്നതാണ്. 50 പേർക്ക് കേരളത്തിലെ അവർ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നടത്താവുന്നതാണ്. 10 പേർക്ക് കേരളത്തിന് പുറത്തെ അവർ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നേടാൻ അവസരം നൽകുന്നതാണ്. മേൽ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നതിന് ചുവടെ പറയും പ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ചെലവുകൾക്ക് വിധേയമായി ലഭിക്കുന്നു. സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. ഐ.സി.എസ്.ഇ.റ്റി.എസ് പ്രിൻസിപ്പലിന്റെ പരിശോധനയുടേയും പഠന പുരോഗതി സംബന്ധിച്ച വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുന്നത്.

<u>ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി 2024-25</u>

| ക്രമ.നം | ഇനം | ആകെ |
|---|---|---|
| 1 | കോഴ്സ് ഫീസ് | പരമാവധി 100000/- രൂപ |
| 2 | ഹോസ്റ്റൽ ഫീസ് | പ്രതിമാസം 7500/- രൂപ (പരമാവധി പത്ത് മാസം വരെ) |
| 4 | പോക്കറ്റ് മണി | പ്രതിമാസം 1500/- രൂപ (പരമാവധി പത്ത് മാസം വരെ) |
| 3 | ബുക്ക് കിറ്റ് അലവൻസ് | 5000/- രൂപ |
| 4 | പ്രിലിംസ് എഴുത്തു പരീക്ഷാ പരിശീലനം | 10000/- രൂപ |
| 5 | മെയിൻസ് എഴുത്തു പരീക്ഷാ പരിശീലനം | 10000/- രൂപ |

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം കേരളത്തിന് പുറത്ത് പഠിക്കാൻ അവസരം ലഭിക്കുന്നവർക്ക്

| ക്രമ നം | ഇനം | ആകെ |
|---|---|---|
| 1 | കോഴ്സ് ഫീസ് | പരമാവധി 1,50,000/- രൂപ |
| 2 | ഹോസ്റ്റൽ ഫീസ് | പ്രതിമാസം 10000/- രൂപ (പരമാവധി പത്ത് മാസം വരെ) |
| 3 | പോക്കറ്റ് മണി | പ്രതിമാസം 1500/- രൂപ (പരമാവധി പത്ത് മാസം വരെ) |
| 4 | ബുക്ക് കിറ്റ് അലവൻസ് | 5000/- രൂപ |
| 5 | പ്രിലിംസ് എഴുത്തു പരീക്ഷാ പരിശീലനം | 10000/- രൂപ |
| 6 | മെയിൻസ് എഴുത്തു പരീക്ഷാ പരിശീലനം | 10000/- രൂപ |

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ പഠിക്കാൻ അവസരം ലഭിക്കുന്നവർക്ക്

| ക്രമ നം | ഇനം | ആകെ |
|---|---|---|
| 1 | കോഴ്സ് ഫീസ് | 40000/- രൂപ |
| 2 | ഹോസ്റ്റൽ ഫീസ് | പ്രതിമാസം 5000/- (പരമാവധി പത്ത് മാസം വരെ) |
| 3 | പോക്കറ്റ് മണി | പ്രതിമാസം 1000/- രൂപ (പരമാവധി പത്ത് മാസം വരെ) |

ഓറിയന്റേഷൻ ക്ലാസ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷാ സിലബസ് അടിസ്ഥാനമാക്കി എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നതാണ്.. ഒബ്ജക്ടീവ് മാതൃകയിൽ 100 മാർക്കിന്റെ 90 മിനിട്ട് ദൈർഘ്യമുള്ള പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് ബാധകമായിരിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ വച്ച് എഴുത്ത് പരീക്ഷ നടത്തുന്നതാണ്.

ഐ.സി.എസ്.ഇ.റ്റി.എസ്-ന്റെ വെബ്സൈറ്റായ www.icsets.org മുഖേന ഓൺലൈനായി മാത്രം അപേക്ഷിക്കാവുന്നതാണ്.

അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി : 27.03.2024 വൈകുന്നേരം 5 മണി

പൂർണ്ണമല്ലാത്തതോ അനുബന്ധ രേഖകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യാത്തതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി മുഖേന പരിശീലനം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേന പരിശീലനം ലഭിച്ചവർക്ക് ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൻ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിലേയ്ക്ക് വീണ്ടും പ്രവേശനം ലഭിക്കുന്നതല്ല.

പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും അഭിമുഖത്തിന് തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള അറിയിപ്പും അപേക്ഷയിൽ രേഖപ്പെടുത്തിയ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുന്നതാണ്. ഇത് സംബന്ധിച്ച മറ്റു തരത്തിലുള്ള അറിയിപ്പ് ലഭ്യമാക്കുന്നതല്ല. പ്രവേശന പരീക്ഷയും തുടർന്നുള്ള അഭിമുഖവും സംബന്ധിച്ചുള്ള അറിയിപ്പുകൾക്ക് വെബ്സൈറ്റ് പരിശോധിക്കേണ്ടതാണ്.

പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ചുവടെ കൊടുത്തിട്ടുള്ള ഫോൺ നമ്പരുകളിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുകയോ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**0471-2533272/8547630004/9446412579**

**www.icsets.org /icsets@gmail.com**

മണ്ണന്തല

11.03.2024

പ്രിൻസിപ്പൽ(ഇൻചാർജ്ജ്)